"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2407 12.03.2020 ൽ മറുപടിയ്ക്ക്

**വന്യജീവി ആക്രമണത്തിരയാകുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം<br>ശ്രീ.കെ .വി. വിജയദാസ് | മറുപടി<br>അഡ്വ. കെ. രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരുക്കേൽക്കുന്നവർക്കും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതർക്കും നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് വനം വകുപ്പ് മുഖേന നൽകി വരുന്നത്; വിശദവിവരം നൽകാമോ? | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവർക്കും ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും 1980-ലെ "ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ട പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലവിൽ 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ, താഴെപ്പറയും പ്രകാരം, നഷ്ടപരിഹാരം നൽകി വരുന്നു. |

| കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാര തുക (രൂപ) |
|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| വനത്തിനുപുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ<br>പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധി ഇല്ലാതെ ചെലവായ മുഴുവൻ തുകയും നൽകുന്നതാണ് (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| വന്യജീവി ആക്രമണം മൂലമുള്ള വീട്ടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

സെക്ഷൻ ഓഫീസർ